**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1858** **12.06.2019-ൽ മറുപടിയ്ക്ക്**

## ദേവികുളം മണ്ഡലത്തിലെ താൽക്കാലിക ആർ.ടി. ഓഫീസിന്റെ പ്രവർത്തനം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.എസ്.രാജേന്ദ്രൻ | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | ദേവികുളം മണ്ഡലത്തിലെ മറയൂർ കരിമുട്ടിയിൽ താൽക്കാലികമായി പ്രവർത്തിച്ചു വന്നിരുന്ന ആർ.ടി. ഓഫീസ് അടച്ചുപൂട്ടിയതിന്റെ കാരണം വ്യക്തമാക്കാമോ; | (എ) | ദേവികുളം മണ്ഡലത്തിലെ മറയൂർ കരിമുട്ടിയിൽ താൽക്കാലികമായി റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ് പ്രവർത്തിച്ചിരുന്നില്ല. എന്നാൽ മൂന്നാർ ഭാഗത്ത് ചെക്ക്പോസ്റ്റുകൾ ഇല്ലാത്തതിനാൽ വാഹന നികുതി ഇനത്തിൽ ഭീമമായ നഷ്ടം ഉണ്ടാകുന്നതായും, നീലക്കുറിഞ്ഞി സീസണിൽ എട്ട് ലക്ഷത്തോളം സന്ദർശകർ എത്തുന്ന മൂന്നാറിൽ, ഈ കാലയളവിലെങ്കിലും ചിന്നാർ, ബോഡിമേട്ട് ഭാഗങ്ങളിൽ താത്കാലിക ചെക്ക്പോസ്റ്റുകൾ സ്ഥാപിക്കുന്നതിനും, മൂന്നാറിൽ നീലക്കുറിഞ്ഞി സീസണിൽ താത്കാലികമായി ഒരു എക്സ്റ്റൻഷൻ കൗണ്ടർ സ്ഥാപിക്കുന്നതിനുമായി 01.09.02018-ലെ സ.ഉ(സാധാ) നം.394/2018/ഗതാഗതം നമ്പർ ഉത്തരവ് പ്രകാരം, അധിക സാമ്പത്തിക ബാദ്ധ്യതകൾ ഇല്ലാതെ നിലവിലുള്ള ജീവനക്കാരുടെ സേവനം മാത്രം ഉപയോഗപ്പെടുത്തി ബോഡിമേട്ട്, ചിന്നാർ, മൂന്നാർ എന്നിവിടങ്ങളിൽ താത്കാലിക ചെക്ക്പോസ്റ്റ് പ്രവർത്തിപ്പിക്കുവാൻ അനുമതി നൽകിയിരുന്നു. |
| (ബി) | പ്രസ്തുത ആർ.ടി.ഓഫീസിന്റെ പ്രവർത്തനം അവസാനിപ്പിച്ച നടപടി പുനഃപരിശോധിക്കുമോ എന്നറിയിക്കാമോ? | (ബി) | റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ് പ്രവർത്തിച്ചിരുന്നില്ല. താത്കാലിക ചെക്ക്പോസ്റ്റ് ആയിരുന്നു പ്രവർത്തിച്ചിരുന്നത്. പ്രസ്തുത ചെക്ക്പോസ്റ്റിന്റെ പ്രവർത്തനം അവസാനിപ്പിച്ച നടപടി പുന:പരിശോധിക്കുന്നത് ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ